സ്വാമി ശരണം

# തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലേക്ക് 2026-2027 (കൊല്ലവർഷം 1201-1202) വർഷത്തേയ്ക്ക് പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുള്ള ഇനങ്ങളുടെ സഞ്ചായ കുത്തക അവകാശം

## ഏർപ്പെടുത്തുന്നതിനായി പ്രസിദ്ധീകരിക്കുന്ന ഇ-ടെൻഡർ വിഞ്ജാപനം

## പൊതു നിബന്ധന, സ്പെഷ്യൽ നിബന്ധനകൾ

## പൊതു നിബന്ധന

1. സഞ്ചായ കുത്തക അവകാശ കാലാവധി 2026 ഏപ്രിൽ 01 മുതൽ 2027 മാർച്ച് 31 വരെ ആയിരിക്കും.
2. ടെൻഡറിൽ പങ്കെടുക്കുന്നവർ http:/etenders.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി കുത്തകയുമായി ബന്ധപ്പെട്ട സ്ഥലം/ഷെഡ്/കെട്ടിടം നേരിട്ട് ബോധ്യപ്പെട്ട ശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.
3. ടെൻഡറിൽ പങ്കെടുക്കുന്നവർ 500/-രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അയയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. ആയതിന്റെ ജി.എസ്.റ്റി ടെണ്ടറിൽ പങ്കെടുക്കുന്നവർ ഒടുക്ക് വരുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കാത്തവരേയും, നിരതദ്രവ്യം ഹാജരാക്കാത്തവരെയും, സാധാരണ വ്യവസ്ഥകൾ അനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യത ഇല്ലാത്തവരേയും ടെൻഡറിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. മേൽ പറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻ കുടിശ്ശികക്കാരേയും ,ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. (ഉടമ്പടി വെയ്ക്കുന്ന അവസരത്തിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ആവശ്യമായ ബാങ്ക് ഗ്യാരന്റിയും

ഹാജരാക്കേണ്ടതാണ്. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കരാറുകാരെ ഒഴിവാക്കുന്നതിനുള്ള അധികാരം ബോർഡിൽ/ബോർഡ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. സോൾവൻസി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).

4. മിനിമം ക്വാട്ട് ചെയ്യേണ്ട തുക മാനദണ്ഡമാക്കി ലേലത്തുകകളിൽ പത്ത് ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവയെ 'എ'കാറ്റഗറിയായും, ഏഴ് ലക്ഷം രൂപയ്ക്ക് മുകളിൽ പത്ത് ലക്ഷം രൂപാ വരെ 'ബി'കാറ്റഗറിയായും, അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ ഏഴ് ലക്ഷം രൂപാ വരെ 'സി'കാറ്റഗറിയായും, രണ്ട് ലക്ഷം മുതൽ അഞ്ച് ലക്ഷം രൂപാ വരെ 'ഡി'കാറ്റഗറിയായും കുത്തക ഐറ്റങ്ങളെ തരം തിരിച്ചിട്ടുള്ളതാണ്. ഓരോ കാറ്റഗറിയിലെയും ഇ.എം.ഡി തുകകൾ ടെൻഡറിനോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

അഞ്ച് ലക്ഷം രൂപയ്ക്ക് താഴെ അടിസ്ഥാന ലേലത്തുക വരുന്ന ഇനങ്ങൾക്ക് ഇ-ടെന്റർ ഉണ്ടായിരിക്കുന്നതല്ല. ഓപ്പൺ ലേലം മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

ഓരോ കാറ്റഗറിയിലുമുള്ള ഐറ്റങ്ങളുടെ ലേലത്തുക അടയ്ക്കേണ്ട വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കാറ്റഗറി | 1-ാം ഗഡു | 2-ാം ഗഡു | 3-ാം ഗഡു |
|---|---|---|---|
| | ഇ-ടെന്റർ/ഓപ്പൺ ലേലം/ലേല ദിവസം | 2026 ഏപ്രിൽ 30-നകം | 2026 ജൂലൈ 31-നകം |
| A | 50% | 25% | 25% |
| B | 50% | 25% | 25% |
| C | 50% | 50% | Nil |
| D | 50% | 50% | Nil |

5. ഓരോ ഇനത്തിന്റേയും ടെൻഡറുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്ന പക്ഷം ടിയാന്റേതൊഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായി തന്നെ അവരുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണ്. ഓപ്പൺ ലേലത്തിൽ പങ്കെടുക്കുന്നവരിൽ ലേലം ഉറപ്പിച്ചിട്ടുള്ളവരുടെ ഒഴികെയുള്ള ഇ.എം.ഡി തുക ലേല ഹാളിൽ രസീത് നൽകി തിരികെ കൈപ്പറ്റാവുന്നതാണ്.

6. കുത്തക ലഭിക്കുന്ന വ്യക്തി കുത്തക തുകയുടെ ഒന്നാം ഗഡു അന്നേ ദിവസം തന്നെ ഒടുക്കു വരുത്തി കുത്തക അവകാശ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള ഗഡുക്കൾ നിശ്ചിത സമയപരിധിക്കകം ഒടുക്കു വരുത്താത്ത പക്ഷം കുത്തക അവകാശം റദ്ദ് ചെയ്യുന്നതിനോ, റീ ടെൻഡർ ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. ടെൻഡർ/ലേലം സ്വീകരിക്കുന്ന മുറയ്ക്ക് അവരുടെ പേരിൽ കുത്തക അനുവദിച്ച് വരുന്ന വിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതും അപ്രകാരം കുത്തകാനുവാദം കിട്ടിയാൽ കൃത്യം ഏഴു ദിവസത്തിനകം കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ 200 രൂപയുടെ മുദ്രപ്പത്രത്തിൽ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം ബന്ധപ്പെട്ട ആഫീസിൽ ഉടമ്പടിവെച്ച് വച്ച ശേഷം കുത്തക നടത്തേണ്ടതുമാകുന്നു.
8. മേൽ വകുപ്പിൽ (5)-ൽ വിവരിക്കുന്ന പ്രകാരം കുത്തക തുക പൂർണ്ണമായി 2026 ജൂലൈ 31-നകം ഒടുക്ക് വരുത്തുന്നതിന് വീഴ്ച വരുന്ന ടെന്ററുകാരന്റെ/ ലേലക്കാരന്റെ കുത്തക വീഴ്ച വരുത്തുന്നവരെ അറിയിക്കാതെ റദ്ദു ചെയ്യുന്നതിനോ ആവർത്തന ലേലം ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിൽ വെച്ച് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒന്നാം കുത്തകക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്. ആയതിൽ നിന്നും ലാഭമുണ്ടായാൽ കുത്തകക്കാരന് ആയതിൻമേൽ യാതൊരു അവകാശവും ഇല്ലാത്തതാകുന്നു. ദേവസ്വവുമായി നിലവിൽ കേസുകളോ, ദേവസ്വത്തിലേക്ക് കുടിശികകളോ ഉള്ളവരെ ആവശ്യമെങ്കിൽ അയോഗ്യരാക്കുവാനുള്ള അധികാരം ദേവസ്വം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.
9. മേൽ നാല് വകുപ്പിൽ വിവരിക്കുന്ന പ്രകാരം കൊല്ലവർഷം 1201-ലെ കുത്തകയ്ക്ക് 2026 ജൂലൈ 31-ാം തീയതിയ്ക്കു മുമ്പായി മുഴുവൻ കുത്തക തുകയും അടയ്ക്കാതെ വീഴ്ച വരുത്തുന്ന ടെന്റർ/ലേലക്കാരന്റെ കുത്തക റദ്ദ് ചെയ്ത് യുക്തമെന്ന് തോന്നുന്ന മറ്റ് പ്രകാരത്തിലോ ആവർത്തന ടെന്റർ നടത്തി ആളേർപ്പെടുത്തിയോ, നേരിട്ടോ കുത്തക നടത്തുന്നതിനും അതിൽ വെച്ചുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ടെന്റർ/ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും ലാഭം ഉണ്ടായാൽ ആയതിലേക്ക് ടിയാന് അവകാശം ഇല്ലാത്തതുമാകുന്നു.
10. നിശ്ചിത തീയതിയ്ക്കകം കുത്തക തുകകൾ അടച്ചു തീർക്കാതെ വീഴ്ച വരുത്തുന്നവരുടെ കുടിശ്ശിക തുകകൾക്ക് കുത്തക തുകയുടെ ഗഡു അടയ്ക്കേണ്ട അവസാന തീയതി മുതൽ 18% പലിശ സഹിതം ഈടാക്കുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന എല്ലാ വിധ കഷ്ടനഷ്ടങ്ങളും ഈടാക്കുന്നതിന് ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതുമാണ്.
11. ടെൻഡർ/ലേലം അവസാനിപ്പിച്ചതിന് ശേഷമോ/കുത്തക അനുവദിച്ചതിന് ശേഷമോ/ടെൻഡർ/ലേലം സ്വീകരിച്ചിതന് ശേഷമോ/ഉടമ്പടി വെച്ചതിന് ശേഷമോ ടെൻഡറുകാരൻ/കുത്തകക്കാരൻ കുത്തകയിൽ നിന്നു പിൻമാറുന്നതായാൽ ടിയാൻ വെച്ചിട്ടുള്ള മുഴുവൻ തുകയും പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേക്ക് മുതൽക്കൂട്ടുന്നതും കരാർ റദ്ദു ചെയ്യുന്നതുമാണ്.
12. കുത്തകക്കാരൻ/ടെൻഡർകാരൻ ഏതെങ്കിലും തരത്തിൽ കുത്തക മുടക്കുന്നതു മൂലം ഡിപ്പാർട്ട്മെന്റിലേക്ക് ഏതെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം നിയമപ്രകാരമുള്ള നടപടികൾ നടത്തി ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ

നിന്നും നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

13. യുക്തമെന്ന് തോന്നുന്ന പക്ഷം മേൽ വിവരിച്ച് കുത്തകയുടെ ടെന്റർ/ലേലം നിർത്തി വെയ്ക്കുന്നതിന് ടെന്റർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപ്പെടാൻ ടെന്റർ/ലേലക്കാർക്ക് അവകാശമില്ലാത്തതുമാകുന്നു.
14. കുത്തകക്കാർക്ക്/ടെന്റർകാർക്ക് ഡിപ്പാർട്ട്മെന്റിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറ്റുന്നതിനോ, കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതുമാകുന്നു. അപ്രകാരം ചെയ്തതായി കണ്ടെത്തിയാൽ മുന്നറിയിപ്പില്ലാതെ ടെന്റർ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
15. ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. പരസ്യത്തിലെ എല്ലാ കുത്തകകൾക്കുമുള്ള സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി കഴിഞ്ഞ് ആക്ഷേപങ്ങളൊന്നുമില്ലാത്ത പക്ഷം തിരികെ കൊടുക്കുന്നതായിരിക്കും. എല്ലാ ഐറ്റങ്ങൾക്കും സെക്യൂരിറ്റി തുക നിശ്ചയിച്ചിട്ടുള്ളത് കുത്തക വിവരത്തിൽ അതാത് ഐറ്റത്തിനു നേരെ ചേർത്തിട്ടുള്ളതാണ്.
17. ക്ലീനിംഗ് ബിൽഡിംഗ് സെക്യൂരിറ്റി ഇനത്തിൽ അടയ്ക്കേണ്ട തുക ചുവടെ വിവരിക്കും പ്രകാരമായിരിക്കുന്നതാണ്.

| ക്ലീനിംഗ് സെക്യൂരിറ്റി | |
|---|---|
| കാറ്റഗറി | തുക (രൂപ) |
| A | 10,000 |
| B | 5,000 |
| C | 3,000 |
| D | 1,000 |

18. കടകൾ നടത്തുന്നതിന് ദേവസ്വത്തിന്റെ ഭൂമിയോ, കെട്ടിടമോ ആവശ്യമായി വരുന്ന കുത്തകക്കാർ നിയമാനുസരണം ഉടമ്പടി വച്ച അറിയിപ്പ് ബന്ധപ്പെട്ട ദേവസ്വം ആഫീസിൽ നിന്നും കിട്ടുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം കരാറുകാരൻ ബോധ്യപ്പെട്ട് ഏറ്റു വാങ്ങിയിരിക്കേണ്ടതാണ്. കുത്തകക്കാരന് കീഴിൽ ജോലി നോക്കുന്നവരുടെ വിവരങ്ങളും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.
19. കുത്തകക്കാർ അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന സ്ഥലത്തിൽ കവിഞ്ഞ് അധികമായി മറ്റ് യാതൊരു ആവശ്യത്തിന് സ്ഥലം കൈവശം വെയ്ക്കുന്നതിന് അനുവാദമില്ലാത്തതാണ്.
20. കുത്തക നടത്തിപ്പിന് ദേവസ്വത്തിൽ നിന്നും സ്ഥലം ആവശ്യമായ എല്ലാ കുത്തകക്കാരും (നാളികേരം, തറ, കടകൾ തുടങ്ങിയവയെല്ലാം) അവരവരുടെ പ്രവർത്തന മേഖലയും, പരിസരവും സ്വന്തം ചെലവിൽ വൃത്തിയായും

വെടിപ്പായും സൂക്ഷിക്കേണ്ടതാണ്. ആയത് ബന്ധപ്പെട്ട പൊതുജനാരോഗ്യം/ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻമാർ സന്ദർശിച്ച് ബോധ്യപ്പെടുന്നതും, അവരുടെ അതാത് സമയത്തുള്ള നിർദ്ദേശങ്ങൾ തുടർന്നും അനുസരിക്കേണ്ടതുമാണ്.

21. കുത്തകക്കാരൻ തന്റെ കരാർ നടത്തുന്ന വകയിൽ ഉണ്ടാകുന്ന പാഴ് വസ്തുക്കൾ, ചപ്പു ചവറുകൾ മറ്റ് മാലിന്യങ്ങൾ മുതലായവ ശേഖരിക്കാൻ ആവശ്യമായ ചവറു വീപ്പകൾ സ്വന്തം ചിലവിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.
22. കുത്തക നടത്തുന്നതിന് ദേവസ്വത്തിൽ നിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം, ഏൽപ്പിക്കുന്ന അതേ സ്ഥിതിയിൽ ഉപയോഗിക്കുന്നതിനാണ്. ഈ നിലയ്ക്ക് മാറ്റം അനിവാര്യമാണെങ്കിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും കാലാവധിക്കു ശേഷം ഡിപ്പാർട്ട്മെന്റിൽ നിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നിലയിലാക്കി തിരിച്ച് ഏൽപ്പിക്കേണ്ടതുമാണ്.
23. കരാർ വ്യവസ്ഥ ലംഘിക്കുന്ന കുത്തകക്കാരൻ അപ്പോൾ തന്നെ കുത്തക അവസാനിപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതും ആയതിന് യാതൊരു നഷ്ടപരിഹാരവും ആവശ്യപ്പെടാൻ കരാറുകാരന് അവകാശമില്ലാത്തതുമാകുന്നു.
24. ദേവസ്വം ഉദ്യോഗസ്ഥരുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ കുത്തകക്കാരും ബാധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടേയും ദേവസ്വത്തിന് ഹാനികരമായി എന്തെങ്കിലും പ്രവർത്തിയിൽ ഏർപ്പെടുന്നവരുടേയും കുത്തക താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് ബോർഡിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.
25. സർക്കാരും ബോർഡും നിശ്ചയിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
26. കുത്തകകൾ ഏറ്റെടുക്കുന്നവരുടെ നടപടികൾ നിമിത്തം ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായോ പരിസ്ഥിതിക്ക് ദോഷകരമായോ ഭക്തരെ ചൂഷണം ചെയ്യുന്ന വിധത്തിലോ ഏതെങ്കിലും പ്രവർത്തനം ഉണ്ടാകുന്ന പക്ഷം അവരുടെ കുത്തക അറിയിപ്പ് കൂടാതെ ഉടനടി റദ്ദ് ചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണർക്കും ദേവസ്വം ബോർഡിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.
27. കുത്തക സംബന്ധിച്ച് സർക്കാരിലേക്ക് ഏതെങ്കിലും നികുതി കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാധ്യസ്ഥനാണ്.
28. കുത്തക ലഭിക്കുന്നവരുടെ ഇ.എം.ഡി തുകകൾ കുത്തക കാലാവധിക്ക് ശേഷം അതാത് ഉദ്യോഗസ്ഥരിൽ നിന്നും ബാധ്യത ഇല്ലാ എന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.
29. ഇ.എം.ഡി ഇനത്തിൽ കെട്ടി വെയ്ക്കുന്ന തുക ടെന്ററിൽ ക്വോട്ട് ചെയ്യുന്ന തുകയുമായി ഏതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ടെന്റർ

ലഭിക്കുന്നവരുടെ ഇ.എം.ഡി തുക കുത്തക കാലാവധിക്കു ശേഷം മാത്രമേ തിരികെ നൽകുകയുള്ളു.

30. കുത്തക ഏറ്റെടുക്കുന്നവരിൽ നിന്നും ലേലത്തുക ഈടാക്കുമ്പോൾ നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.റ്റി തുക കൂടി കുത്തകക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. യഥാസമയം ജി.എസ്.റ്റി പിടുത്തം വരുത്തിയതിന് ശേഷം മാത്രമേ ഇ.എം.ഡി തുക തിരികെ ലഭിക്കുന്നതിന് റിപ്പോർട്ട് ലഭ്യമാക്കാവൂ.
31. കുത്തകക്കാരൻ ക്ഷേത്ര ഭരണത്തിലോ ക്ഷേത്ര ചടങ്ങുകളിലോ ഇടപെടുവാൻ പാടില്ലാത്തതാകുന്നു.

## സ്പെഷ്യൽ നിബന്ധനകൾ

### I. നാളികേര കുത്തക

1. നാളികേര കൂട്ടിൽ ഉടയ്ക്കുന്ന നാളികേരം അപ്പപ്പോൾ നീക്കം ചെയ്യേണ്ടതാണ്.
2. ദേവസ്വം ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വെച്ച് മാത്രമേ നാളികേരം വിൽപ്പന നടത്തുവാൻ പാടുള്ളു.
3. വിൽപ്പന നടത്തുന്ന നാളികേരത്തിന്റെ വിലകൾ വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
4. നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യാത്ത വകകൾ ഡിപ്പാർട്ട്മെന്റ് മുതൽക്കൂട്ടുകയും ആയതിന് കരാറുകാരന് അവകാശം ഇല്ലാത്തതുമാണ്.
5. കരാർ നടത്തിപ്പിന് ഡിപ്പാർട്ട്മെന്റ് കെട്ടിടം ലഭ്യമാക്കുന്നതല്ല.

### II. വെടി കുത്തക

1. വെടി ഒന്നിന് 10 രൂപയിൽ നിരക്കിൽ കൂടുതൽ ലേലക്കാരനോ ടിയാന്റെ ആൾക്കാരോ വാങ്ങുവാൻ പാടുള്ളതല്ല. ആയതിന്റെ വിവരം പ്രദർശിപ്പിക്കേണ്ടതും അതിനു വിപരീതമായി കൂടുത തുക വാങ്ങുന്ന പക്ഷം ആയത് ദേവസ്വം ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനും കുത്തക റദ്ദ് ചെയ്യുന്നതിനും ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.
2. വെടി വഴിപാട് നടത്തുന്നതു മൂലം ഭക്തർക്ക് യാതൊരു അസൗകര്യവും ഉണ്ടാകാൻ പാടില്ലാത്തതും ഏതെങ്കിലും തരത്തിൽ ഡിപ്പാർട്ട്മെന്റിനോ ഭക്തർക്കോ മറ്റാർക്കെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന നഷ്ടം കുത്തകക്കാരൻ കെട്ടി വയ്ക്കാൻ ബാധ്യസ്ഥനാണ്.
3. വെടി വഴിപാട് നടത്തിപ്പിനായി ഗൺപൗഡർ ഫാക്ടറിയുടെയും സ്റ്റോറേജിന്റെയും ലൈസൻസ് ദേവസ്വം ഉദ്യോഗസ്ഥരുടെ പേരിലായിരിക്കും. കൂടുതലായി വേണ്ടി വരുന്ന ലൈസൻസും,

വെടി വഴിപാട് നടത്തുന്നതിലേക്കുള്ള LE3(b) ലൈസൻസും കുത്തകക്കാരൻ സ്വന്തം ചെലവിൽ എടുത്തിരിക്കേണ്ടതും എക്സ്പ്ലോസീവ് ആക്ടിലേയും റൂളിലേയും ലൈസൻസിലേയും വ്യവസ്ഥകൾ അനുസരിച്ച് വെടി മരുന്ന് ഉണ്ടാക്കുക, സൂക്ഷിക്കുക, പ്രയോഗിക്കുക തുടങ്ങിയ ജോലികൾ അതിലേക്കായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള വെടിമരുന്ന് ശാലയിൽ വെച്ച് മാത്രം നടത്തേണ്ടതും അല്ലാതെയുള്ള കെട്ടിടമോ സ്ഥലമോ യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടില്ലാത്തതും 1984–ലെ ഇൻഡ്യൽ എക്സ്പ്ലോസീവ് ആക്ടിലെയും 2008–ലെ എക്സ്പ്ലോസീവ് റൂൾസിലെയും വ്യവസ്ഥകൾ അതേപടി പാലിക്കുന്നതിനും കുത്തകക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതും ഏതെങ്കിലും വ്യത്യസ്ഥമായി കണ്ടാൽ കുത്തക റദ്ദ് ചെയ്ത് വേറെ ആളിനെ ഏർപ്പെടുത്തിയോ ഡിപ്പാർട്ട്മെന്റ് ചുമതലയിലോ വെടി വഴിപാട് നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യുന്നതിന് കുത്തകക്കാരന് അവകാശമില്ലാത്തതുമാകുന്നു. പ്രസ്തുത ആക്ടിലെയും റൂൽസിലെയും വ്യവസ്ഥകൾ അനുസരിച്ച് ഇതര നടപടികൾക്ക് കുത്തകക്കാരൻ ബാധ്യസ്ഥനാണ്. ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ ആവശ്യമെന്ന് കണ്ടാൽ വെടി മരുന്ന് സ്റ്റോക്ക് മുതലായ കുത്തകക്കാരൻ ചെയ്തിട്ടുള്ള എല്ലാ ഏർപ്പാടുകളും പരിശോധിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും അതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് കുത്തകക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

4. കുത്തക സംബന്ധിച്ച് സർക്കാരിലേക്ക് ഏതെങ്കിലും നികുതി കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാധ്യസ്ഥനാണ്.
5. കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികൾ വെടിമരുന്ന് നിർമ്മിക്കാനും പ്രയോഗിക്കാനും പ്രാവീണ്യവും പരിചയവും സിദ്ധിച്ചവരായിരിക്കേണ്ടതാണ്. ആയത് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിനെ ബോധ്യപ്പെടുത്താൻ സന്നദ്ധനുമായിരിക്കണം.
6. കുത്തകക്കാർ നിയോഗിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റും, ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ് ഗ്രൂപ്പ് ആഫീസറെ ഏൽപ്പിച്ച് തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് സമ്പാദിച്ചു കൊള്ളേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ഇല്ലാത്ത യാതൊരു തൊഴിലാളികൾക്കും വെടിമരുന്ന് ശാലയ്ക്കുള്ളിലോ പരിസരത്തോ പ്രവേശനത്തിന് അംഗീകാരമില്ലാത്തതാകുന്നു.

7. കുത്തകക്കാരൻ സ്വന്തം ചെലവിൽ തൊഴിലാളികളെ ഇൻഷ്വർ ചെയ്യേണ്ടതും അവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതും അവരുടെ എല്ലാ വിധത്തിലുള്ള പൂർണ്ണ ഉത്തരവാദിത്തം കുത്തകക്കാരനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
8. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ആരെയും സ്റ്റാളുകളിൽ ജോലിക്ക് നിയോഗിക്കുവാൻ പാടില്ല.

## III. <u>നേർച്ച കുത്തക</u>

ഭക്തർക്ക് നടയ്ക്ക് വയ്ക്കുന്നതിനുള്ള സ്വർണ്ണത്തിലും വെള്ളിയിലുമുള്ള ആൾരൂപം, കാല്, കയ്യ്, കണ്ണ് മുതലായ നേർച്ച രൂപങ്ങളും, ഓട്, പിത്തള, വെള്ളി വിളക്കുകൾ, മണി, ലോക്കറ്റുകൾ, മാല, പെന്റന്റ്, മോതിരം മുതലായ ആഭരണങ്ങളും കൂടാതെ സ്വർണ്ണം, വെള്ളി എന്നിവയിൽ ഏതെങ്കിലുമൊന്നു കൊണ്ടു പൊതിഞ്ഞതും, രുദ്രാക്ഷം, തുളസി, വിലപിടിപ്പുള്ള കല്ലുകൾ എന്നിവയിൽ നിർമ്മിച്ചതുമായ മാലയും മറ്റാഭരണങ്ങളും, കർപ്പൂര തട്ടം, കിണ്ണം എന്നിവ ഉണ്ടക്കികൊണ്ടുവന്ന് ഡിപ്പാർട്ട്മെന്റിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്തുവെച്ച് വിൽപ്പന നടത്തുന്നതിന് കുത്തകക്കാരന് അവകാശമുള്ളതാകുന്നു. ഇതിലേക്കാവശ്യമായ ലൈസൻസ് സ്വന്തം ഉത്തരവാദിത്തത്തിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നു വാങ്ങി കുത്തകക്കാരൻ/ടെന്റർകാരൻ സൂക്ഷിച്ചു കൊള്ളേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്. സ്വർണ്ണം 14 ക്യാരറ്റിലും, വെള്ളി 8 ക്യാരറ്റിലും കുറയാൻ പാടില്ലാത്തതും, ടി സാധനം കുത്തകക്കാരനോ ടിയാൻ അധികാരപ്പെടുത്തുന്ന ആളുകളോ അല്ലാതെ മറ്റ് യാതൊരുത്തരും വിൽപ്പന നടത്തുവാൻ പാടില്ലാത്തതും, അനധികൃതമായി വിൽപ്പന നടത്തുന്നവരിൽ നിന്നും ആ വക സാധനങ്ങൾ പിടിച്ചെടുത്ത് ഡിപ്പാർട്ട്മെന്റിലേക്ക് മുതൽ കൂട്ടുന്നതുമാകുന്നു. സ്വർണ്ണം കൊണ്ടും, വെള്ളി കൊണ്ടും നിർമ്മിച്ചിട്ടുള്ള നേർച്ച ഉരുപ്പടികളും മറ്റും നിബന്ധന അനുസരിച്ചിട്ടുള്ളതാണോ എന്ന് പരിശോധിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അവകാശമുണ്ടായിരിക്കുന്നതും, നിബന്ധന അനുസരിച്ചുള്ളതല്ലെന്ന് ബോധ്യം വരുന്ന പക്ഷം ക്രിമിനൽ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ നടത്തുന്നതിനും ഉരുപ്പടികൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിനും ഡിപ്പാർട്ട്മെന്റിന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

## IV. <u>പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം, പൂജാ തട്ട് മുതലായവ</u>

1. പൂജാ സാധനങ്ങൾ വിൽക്കുന്നയാൾക്ക് ലൈസൻസ് ഉണ്ടായിരിക്കണം. പൂമാല ചെറുത് 2 മുഴത്തിന് 30 രൂപയും, വലിയ പൂമാലയ്ക്ക് (കേശാദിപാദം) 12 അടി നീളം 300 രൂപയും.
വെറ്റില മാല 21 വെറ്റയുടേത് -50 രൂപ
നാരങ്ങാമാല 20 എണ്ണം 150 രൂപ 51 നാരങ്ങ 300 രൂപ
തട്ടം നിവേദ്യം സാധനങ്ങൾ വിൽക്കുന്നത്.

| | | |
|---|---|---|
| 1. | തേങ്ങ-1 | 20 രൂപ |
| 2. | രസകദളി പഴം 1 പടല (8 എണ്ണം) | 35 രൂപ |
| 3. | ചെറിയ ഹാരം-1 | 30 രൂപ |

| | | |
|---|---|---|
| 4. | വെറ്റില-3 | 5 രൂപ |
| 5. | പാക്ക്-1 | 5 രൂപ |
| 6. | അവൽ 100 ഗ്രാം | 4 രൂപ |
| 7. | മലർ 100 ഗ്രാം | 2 രൂപ |
| 8. | കൽക്കണ്ടം, മുന്തിരി | 15 രൂപ |
| 9. | ശർക്കര 100 ഗ്രാം. | 4 രൂപ |
| 10. | വിളക്കെണ്ണ 100 ഗ്രാം. | 40 രൂപ |
| 11. | സാമ്പ്രാണി-1 | 10 രൂപ |
| 12. | നെയ്യ് 50 ഗ്രാം. | 30 രൂപ |
| | ആകെ | 200 രൂപ |

2. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന സ്ഥലത്ത് സ്റ്റാൾ കെട്ടി അവകാശം നടത്തേണ്ടതാണ്.
3. പൂജാ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് പ്ലാസ്റ്റിക്ക് കവർ ഒഴിവാക്കണം.
4. പൂജാസ്റ്റാളും പരിസരവും ലേലക്കാരന്റെ ചുമതലയിൽ ശുചിയായി സൂക്ഷിക്കേണ്ടതാണ്.
5. സ്റ്റാളിൽ വിൽപ്പന നടത്തുന്ന പൂജാ ദ്രവ്യങ്ങളുടെ വിവരങ്ങൾ പ്രത്യേക വിലവിവര പട്ടിക തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്. വിലയിൽ മാറ്റം വരുത്തുന്ന പക്ഷം ദേവസ്വം അധികാരികളുടെ അനുവാദം വാങ്ങേണ്ടതാണ്.
6. സ്റ്റാളുകളിൽ അഗ്മാർക്ക്/ഐ.എസ്.ഐ മാർക്കുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽപ്പന നടത്തുവാൻ പാടുള്ളു.
7. പൂജാ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ വേളകളിൽ തടസ്സങ്ങൾ ഉന്നയിക്കുവാൻ പാടുള്ളതല്ല.
8. പൂജാ സാധനങ്ങൾ കുത്തക ഏറ്റെടുക്കുന്ന കരാറുകാർ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദ് ചെയ്യുന്നതിനും നിരതദ്രവ്യം കണ്ടുകെട്ടുന്നതിനും യുക്തമായ പിഴ ചുമത്തുന്നതിനും ബോർഡിന് അധികാരമുണ്ടായിരിക്കും.

<u>പ്രത്യേക നിബന്ധനകൾ (മലയാലപ്പുഴ ദേവസ്വം)</u>

1. മലയാലപ്പുഴ ക്ഷേത്രത്തിലെ കോഴി വഴിപാട് ലേലം കൊള്ളുന്നവർ മതിലിന് വെളിയിൽ വിൽപ്പന നടത്തുന്നതിന് സ്റ്റാൾ ഒരുക്കേണ്ടതാണ്. കോഴി സമർപ്പണം മുഹൂർത്തി നടയിൽ എന്ന് ബോർഡ് സ്റ്റാളിൽ പ്രദർശിപ്പിക്കേണ്ടതാണ്. വഴിപാട്കാരനോടൊപ്പം ഇടനിലക്കാരെ അനുവദിക്കുന്നതല്ല.
2. മലമാട സ്വാമി നടയിലെ മുറുക്കാൻ കച്ചവട സ്റ്റാൾ ഭക്തജനങ്ങൾക്ക് പ്രദക്ഷിണം വയ്ക്കുന്നതിന് സൗകര്യാർത്ഥം മുഹൂർത്തി നടയിൽ

നിന്നും മാറ്റി ഗ്രൗണ്ടിന് പുറത്ത് മതിലിന് സമീപം ഉള്ളതായ സ്റ്റാളുകളിൽ പ്രവർത്തിക്കേണ്ടതാണ്.

3. മലയാലപ്പുഴ ദേവസ്വം കുത്തക സ്റ്റാളുകളിൽ അവരവരുടെ ചെലവിൽ പ്രത്യേക മീറ്ററുകൾ സ്ഥാപിച്ച് കറന്റ് കണക്ഷൻ എടുക്കേണ്ടതാണ്.
4. മഞ്ചാടി വിൽക്കുന്ന സ്റ്റാൾ ക്ഷേത്രത്തിന് കിഴക്ക് വശം ഗ്രൗണ്ടിൽ സ്റ്റാൾ കെട്ടി നടത്തേണ്ടതാണ്.
5. എല്ലാ കുത്തകകളും 01.04.2026 മുതൽ ക്ഷേത്ര മതിൽകെട്ടിന് പുറത്ത് കിഴക്കുഭാഗത്ത് ഉള്ളതായ സ്റ്റാളുകളിൽ വെച്ച് വിൽപ്പന നടത്തേണ്ടതാണ്.
6. മലയാലപ്പുഴ ദേവസ്വത്തിലെ പൂജാദ്രവ്യങ്ങളോടൊപ്പം ഓട്, പിത്തള, മണികൾ, വിളക്കുകൾ വിൽപ്പന നടത്താവുന്നതാണ്.
7. മലയാലപ്പുഴ ദേവസ്വത്തിലെ നേർച്ച കുത്തകയിൽ നിന്നും ഓട്, പിത്തള വിളക്കുകളുടെയും മണികളുടെയും വിൽപ്പന ഒഴിവാക്കിയിരിക്കുന്നു.
8. പൂജാ സ്റ്റാൾ ഒഴികെയുള്ള മറ്റ് കുത്തകക്കാർക്ക് പട്ട്, ഉടയാട, മുണ്ട് എന്നിവ വിൽപ്പന നടത്താൻ പാടില്ലാത്തതാണ്.

| | |
|---|---|
| ടെന്ററുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി/സമയം | 02.03.2026, 09 A.M |
| ടെന്ററുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം | 09.03.2026, 11 A.M |
| ടെന്ററുകൾ തുറന്ന് പരിശോധിക്കുന്ന തീയതി/സമയം<br><br>സ്ഥലം | 10.03.2026, 11 A.M<br><br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട. |

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട.

കൊട്ടാരക്കര ഗ്രൂപ്പിലെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേല തുകയുള്ള കുത്തക ഇനങ്ങളുടെ വിവരം.

| ക്രമ നം. | സബ് ഗ്രൂപ്പ് | ദേവസ്വം | ഇനം | 2026-27 വർഷത്തെ അടിസ്ഥാന ലേല തുക | EMD |
|---|---|---|---|---|---|
| 1 | കൊട്ടാരക്കര | കൊട്ടാരക്കര | പൂമാല കെട്ടി വിൽക്കുന്നതിനും, പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 14,35,501 | 1,43,550 |
| 2 | കുലശേഖരനല്ലൂർ | പി.ഡി.മണികണ്ഠേശ്വരം | പൂമാല കെട്ടി വിൽക്കുന്നതിനും, പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 1,22,65,001 | 12,26,500 |
| 3 | | | ഏറ് നാളികേരം/നീരാജ്ഞന ശിഷ്ടം നാളികേരം എടുക്കുന്നതിനുള്ള അവകാശം. | 1,12,20,400 | 11,22,040 |
| 4 | പട്ടാഴി | പി.ഡി.പട്ടാഴി | പൂമാല കെട്ടി വിൽപ്പന അവകാശം. | 7,00,811 | 70,081 |
| | | | പൂജാദ്രവ്യം വിൽപ്പനാവകാശം. | 6,93,693 | 69,369 |
| 5 | അറയ്ക്കൽ | പി.ഡി.അറയ്ക്കൽ | പൂമാല, പൂജാദ്രവ്യം എന്നിവ വിൽക്കുന്നതിനുള്ള അവകാശവും, കോഴി, പട്ട് എന്നിവ വിൽക്കുന്നതിനും തിരികെ എടുക്കുന്നതിനുമുള്ള അവകാശവും. | 15,27,166 | 1,52,717 |

| ക്രമ നം. | സബ് ഗ്രൂപ്പ് | ദേവസ്വം | ഇനം | 2026-27 വർഷത്തെ അടിസ്ഥാന ലേല തുക | EMD |
|---|---|---|---|---|---|
| 6 | വെട്ടിക്കവല | വെട്ടിക്കവല | കരിവള, കളിപ്പാവ, തൊട്ടിൽ എന്നിവ വിൽക്കുന്നതിനും, എടുക്കുന്നതിനുമുള്ള അവകാശം. | 7,93,375 | 79,338 |

| | |
|---|---|
| ടെന്ററുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി/സമയം | 02.03.2026, 09 A.M |
| ടെന്ററുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം | 09.03.2026, 11 A.M |
| ടെന്ററുകൾ തുറന്ന് പരിശോധിക്കുന്ന തീയതി/സമയം | 10.03.2026, 11 A.M |
| സ്ഥലം | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട. |

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

തിരുവല്ല ഗ്രൂപ്പിലെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേല തുകയുള്ള കുത്തക ഇനങ്ങളുടെ വിവരം.

| ക്രമ നം. | സബ് ഗ്രൂപ്പ് | ദേവസ്വം | ഇനം | 2026-27 വർഷത്തെ അടിസ്ഥാന ലേല തുക | EMD |
|---|---|---|---|---|---|
| 1 | തിരുവല്ല | തിരുവല്ല | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 14,44,425 | 1,44,450 |
| 2 | തിരുവല്ല | തിരുവല്ല | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം. | 12,80,701 | 1,28,070 |
| 3 | കുന്നന്താനം | കുന്നന്താനം | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 5,92,613 | 59,300 |
| 4 | കവിയൂർ | കവിയൂർ | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 8,50,300 | 85,050 |
| 5 | കവിയൂർ | കവിയൂർ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം. | 5,97,630 | 59,800 |

| | |
|---|---|
| ടെന്ററുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി/സമയം | 02.03.2026, 09 A.M |
| ടെന്ററുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം | 09.03.2026, 11 A.M |
| ടെന്ററുകൾ തുറന്ന് പരിശോധിക്കുന്ന തീയതി/സമയം | 10.03.2026, 11 A.M |
| സ്ഥലം | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട. |

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

പത്തനംതിട്ട

മുണ്ടക്കയം ഗ്രൂപ്പിലെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേല തുകയുള്ള കുത്തക ഇനങ്ങളുടെ വിവരം.

| ക്രമ നം. | ദേവസ്വം | ഇനം | 2026-27 വർഷത്തെ അടിസ്ഥാന ലേല തുക | EMD | Remarks |
|---|---|---|---|---|---|
| 1 | ചിറക്കടവ് | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 30,10,700 | 3,02,000 | |
| 2 | ചെറുവള്ളി | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 8,04,540 | 80,500 | |
| 3 | വള്ളിയാങ്കാവ് | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 24,88,739 | 2,50,000 | |
| 4 | കൊടുങ്ങൂർ | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 8,05,200 | 80,600 | |
| 5 | എരുമേലി | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 7,08,950 | 71,000 | ശബരിമല നട തുറന്നിരിക്കുന്ന സമയങ്ങളിൽ അധിക സ്റ്റാളുകൾ പ്രവർത്തിപ്പിക്കാവുന്നതാ |
| 6 | എരുമേലി പേട്ട | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 6,35,555 | 63,600 | |

| | |
|---|---|
| ടെന്ററുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി/സമയം | 02.03.2026, 09 A.M |
| ടെന്ററുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം | 09.03.2026, 11 A.M |
| ടെന്ററുകൾ തുറന്ന് പരിശോധിക്കുന്ന തീയതി/സമയം | 10.03.2026, 11 A.M |
| സ്ഥലം | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട. |

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

പത്തനംതിട്ട.

പുനലൂർ ഗ്രൂപ്പിലെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേല തുകയുള്ള കുത്തക ഇനങ്ങളുടെ വിവരം.

| ക്രമ നം. | സബ് ഗ്രൂപ്പ് | ദേവസ്വം | ഇനം | 2026-27 വർഷത്തെ അടിസ്ഥാന ലേല തുക | EMD |
|---|---|---|---|---|---|
| 1 | കടയ്ക്കൽ | കടയ്ക്കൽ | പൂമാല, പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 10,12,122 | 1,01,250 |
| 2 | കുളത്തൂപ്പുഴ | കുളത്തൂപ്പുഴ | മീനൂട്ട് വഴിപാട് | 16,77,498 | 1,67,750 |
| 3 | അഗസ്ത്യകോട് | അഗസ്ത്യകോട് | പൂമാല, പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 8,06,850 | 80,700 |
| 4 | പുതിയിടം | പുതിയിടം | പൂജാദ്രവ്യങ്ങൾ പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | 5,43,400 | 54,350 |

| | |
|---|---|
| ടെന്ററുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി/സമയം | 02.03.2026, 09 A.M |
| ടെന്ററുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം | 09.03.2026, 11 A.M |
| ടെന്ററുകൾ തുറന്ന് പരിശോധിക്കുന്ന തീയതി/സമയം | 10.03.2026, 11 A.M |
| സ്ഥലം | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട. |

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

## ആറൻമുള ഗ്രൂപ്പിലെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേല തുകയുള്ള കുത്തക ഇനങ്ങളുടെ വിവരം.

| ക്രമ നം. | സബ് ഗ്രൂപ്പ് | ദേവസ്വം | ഇനം | 2026–27 വർഷത്തെ അടിസ്ഥാന ലേല തുക | EMD |
|---|---|---|---|---|---|
| 1 | ചെങ്ങന്നൂർ | ചെങ്ങന്നൂർ | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 26,45,720 | 2,64,580 |
| 2 | ചെങ്ങന്നൂർ | ചെങ്ങന്നൂർ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം. | 12,72,205 | 1,27,230 |
| 3 | ആറൻമുള | ആറൻമുള | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 34,37,500 | 3,43,750 |
| 4 | ആറൻമുള | ആറൻമുള | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം. | 12,32,855 | 1,23,290 |
| 5 | മലയാലപ്പുഴ | മലയാലപ്പുഴ | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം. | 90,92,090 | 9,09,210 |
| 6 | മലയാലപ്പുഴ | മലയാലപ്പുഴ | വെറ്റ പാക്ക്, നാളികേരം വിൽപ്പന-തിരിച്ചെടുക്കൽ | 29,97,500 | 2,99,750 |
| 7 | മലയാലപ്പുഴ | മലയാലപ്പുഴ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം. | 43,78,220 | 4,37,830 |
| 8 | മലയാലപ്പുഴ | മലയാലപ്പുഴ | ഫാൻസി ഐറ്റങ്ങളും പാത്രങ്ങളും സ്റ്റീൽ പാത്രങ്ങളും വിൽപ്പന | 8,86,435 | 88,650 |
| 9 | മലയാലപ്പുഴ | മലയാലപ്പുഴ | കോഴി വിൽപ്പന തിരിച്ചെടുക്കൽ | 80,12,334 | 8,01,250 |
| 10 | മലയാലപ്പുഴ | മലയാലപ്പുഴ | മഞ്ചാടി വിൽപ്പന | 38,23,820 | 3,82,400 |

| | |
|---|---|
| ടെന്ററുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി/സമയം | 02.03.2026, 09 A.M |
| ടെന്ററുകൾ സ്വീകരിക്കുന്ന അവസാന തീയതി/സമയം | 09.03.2026, 11 A.M |
| ടെന്ററുകൾ തുറന്ന് പരിശോധിക്കുന്ന തീയതി/സമയം | 10.03.2026, 11 A.M |
| സ്ഥലം | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട. |

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട.